**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3652. 23.06.2014 ൽ മറുപടിയ്ക്ക്.

<u>ലോറികളിൽ പാറകൾ കൊണ്ടുപോകുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ലോറികളിൽ പാറകൾ കൊണ്ടുപോകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് മോട്ടോർ വാഹന വകുപ്പ് നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ; | (എ) | പാറകൾ കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും മോട്ടോർ വാഹന നിയമത്തിലോ ചട്ടങ്ങളിലോ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വഹിച്ച് കൊണ്ടു പോകാവുന്ന അനുവദനീയമായ ഭാരത്തേക്കാളും കൂടുതൽ ഭാരം വഹിച്ചുകൊണ്ടു പോകുകയാണെങ്കിൽ അത്തരം വാഹനങ്ങൾക്കെതിരെ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 194-ാം വകുപ്പ് പ്രകാരം കുറഞ്ഞത് 2000/- രൂപ പിഴയും അധികമുള്ള ഓരോ ടണ്ണിനും 1000/- രൂപ വീതം അധിക തുകയും കൂടാതെ അധികമുള്ള ലോഡ് വാഹനത്തിൽ നിന്ന് ഇറക്കുന്നതിനുള്ള ചെലവും വാഹനത്തിന്റെ ഡ്രൈവറിൽ നിന്നോ, ഡ്രൈവറെ വാഹനം ഓടിക്കുന്നതിന് അനുവദിച്ച ആളിൽ നിന്നോ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ നിയമം പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് നൽകിയിട്ടുള്ളത് ; | (ബി) | ബാധകമല്ല |
| (സി) | പാറക്കല്ലുകളും മറ്റ് അപകടകരമായ വസ്തുക്കളും കയറ്റി കൊണ്ടുപോകുന്നതിന് തിരക്കേറിയ റോഡുകളിൽ സമയം നിഷ്കർഷിച്ചിട്ടുണ്ടോ ? | (സി) | ഇല്ല. എന്നാൽ ടിപ്പർ മെക്കാനിസം ഘടിപ്പിച്ചിട്ടുള്ള ലോറികൾ നിരത്തുകളിൽ സർവ്വീസ് നടത്തുന്നത് രാവിലെ 09 മണി മുതൽ 10 മണി വരെയും, വൈകുന്നേരം 04 മണി മുതൽ 05 മണി വരെയും നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.